**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** | **28-02-2023 - ൽ മറുപടിയ്ക്ക്**

**വനങ്ങൾക്ക് ചുറ്റുമുള്ള കരുതൽ മേഖലയുമായി ബന്ധപ്പെട്ട അന്തിമ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനങ്ങൾക്ക് ചുറ്റുമുള്ള കരുതൽ മേഖലയുമായി ബന്ധപ്പെട്ട അന്തിമ റിപ്പോർട്ട് എന്നത്തേക്ക് തയ്യാറാകുമെന്ന് അറിയിക്കുമോ; | (എ) | ബഹു. സുപ്രീംകോടതിയുടെ ഉത്തരവിലെ ഖണ്ഡിക 44(സി) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വിവര ശേഖരണത്തിനായി ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററിനെ (KSREC) ചുമതലപ്പെടുത്തിയിരുന്നു.<br>ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ഈ വിഷയം സംബന്ധിച്ച് ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ (KSREC) ലഭ്യമാക്കിയ കരട് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും തുടർന്ന് പൊതുജന അഭിപ്രായം കൂടി കണക്കിലെടുത്തുകൊണ്ട് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചു.<br>വിദഗ്ധ സമിതിയുടെ ഭൗതിക സ്ഥലപരിശോധന അവസാനഘട്ടത്തിലാണ്. പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് വിദഗ്ധ സമിതി സ്വീകരിച്ചുവരുന്നത്. ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ / വിവരങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിൻറ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും, പഞ്ചായത്ത് / നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ആയതിന് 2022 ഡിസംബർ 23 വരെയാണ് ആദ്യം സമയം അനുവദിച്ചിരുന്നത്. എന്നാൽ കൂടുതൽ ജനങ്ങൾക്ക് ഈ രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ / പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സാവകാശം ലഭിക്കുന്നതിനായി ടി വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2023 ജനുവരി 7 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി ബന്ധപ്പെട്ട പഞ്ചായത്ത്/ നഗരസഭ തലത്തിൽ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ചിരുന്നു. റവന്യൂ വകുപ്പുമായും കൂടിയാലോചിച്ചാണ് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിച്ച എല്ലാ പരാതികളും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.<br>വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നേരിട്ടും ഓൺലൈനായും നാളിതുവരെ 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഈ വിഷയത്തിൽ ലഭിച്ച പരാതികളുടെ ബാഹുല്യം നിമിത്തം എല്ലാ പരാതികളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കൂടുതൽ സമയം ആവശ്യമായിവന്നു. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽപ് ഡെസ്കുകളിൽ ലഭിച്ച പരാതികൾ | (ബി) | ബഹു. സുപ്രീംകോടതിയുടെ ഉത്തരവിലെ ഖണ്ഡിക 44(സി) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വിവര ശേഖരണത്തിനായി ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ |

| | | | |
|---|---|---|---|
| | സൂക്ഷ്മപരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ; | | ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററിനെ (KSREC) ചുമതലപ്പെടുത്തിയിരുന്നു.<br>ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ഈ വിഷയം സംബന്ധിച്ച് ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ (KSREC) ലഭ്യമാക്കിയ കരട് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും തുടർന്ന് പൊതുജന അഭിപ്രായം കൂടി കണക്കിലെടുത്തുകൊണ്ട് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചു.<br>വിദഗ്ധ സമിതിയുടെ ഭൗതിക സ്ഥലപരിശോധന അവസാനഘട്ടത്തിലാണ്. പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് വിദഗ്ധ സമിതി സ്വീകരിച്ചുവരുന്നത്. ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ / വിവരങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിൻറ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും, പഞ്ചായത്ത് / നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ആയതിന് 2022 ഡിസംബർ 23 വരെയാണ് ആദ്യം സമയം അനുവദിച്ചിരുന്നത്. എന്നാൽ കൂടുതൽ ജനങ്ങൾക്ക് ഈ രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ / പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സാവകാശം ലഭിക്കുന്നതിനായി ടി വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2023 ജനുവരി 7 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി പരാതികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി ബന്ധപ്പെട്ട പഞ്ചായത്ത്/ നഗരസഭ തലത്തിൽ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ചിരുന്നു. റവന്യൂ വകുപ്പുമായും കൂടിയാലോചിച്ചാണ് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിച്ച എല്ലാ പരാതികളും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.<br>വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നേരിട്ടും ഓൺലൈനായും നാളിതുവരെ 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഈ വിഷയത്തിൽ ലഭിച്ച പരാതികളുടെ ബാഹുല്യം നിമിത്തം എല്ലാ പരാതികളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കൂടുതൽ സമയം ആവശ്യമായിവന്നു. |
| (സി) | വനങ്ങൾക്ക് ചുറ്റുമുള്ള കരുതൽ മേഖലയുമായി ബന്ധപ്പെട്ട് സുപ്രീം കോടതി 2022 ജൂണിൽ വിധി പ്രഖ്യാപിച്ച് എട്ട് മാസം കഴിഞ്ഞിട്ടും അന്തിമ റിപ്പോർട്ട് തയ്യാറാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ? | (സി) | ബഹു. സുപ്രീംകോടതിയുടെ ഉത്തരവിലെ ഖണ്ഡിക 44(സി) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വിവര ശേഖരണത്തിനായി ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററിനെ (KSREC) ചുമതലപ്പെടുത്തിയിരുന്നു.<br>ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ഈ വിഷയം സംബന്ധിച്ച് ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ (KSREC) ലഭ്യമാക്കിയ കരട് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും തുടർന്ന് പൊതുജന അഭിപ്രായം കൂടി കണക്കിലെടുത്തുകൊണ്ട് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) |

നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചു.

വിദഗ്ധ സമിതിയുടെ ഭൗതിക സ്ഥലപരിശോധന അവസാനഘട്ടത്തിലാണ്. പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് വിദഗ്ധ സമിതി സ്വീകരിച്ചുവരുന്നത്. ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ / വിവരങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിൻറ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും, പഞ്ചായത്ത് / നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ആയതിന് 2022 ഡിസംബർ 23 വരെയാണ് ആദ്യം സമയം അനുവദിച്ചിരുന്നത്. എന്നാൽ കൂടുതൽ ജനങ്ങൾക്ക് ഈ രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ / പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സാവകാശം ലഭിക്കുന്നതിനായി ടി വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2023 ജനുവരി 7 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി ബന്ധപ്പെട്ട പഞ്ചായത്ത്/ നഗരസഭ തലത്തിൽ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ചിരുന്നു. റവന്യൂ വകുപ്പുമായും കൂടിയാലോചിച്ചാണ് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിച്ച എല്ലാ പരാതികളും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നേരിട്ടും ഓൺലൈനായും നാളിതുവരെ 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഈ

| | | | |
|---|---|---|---|
| | | | വിഷയത്തിൽ ലഭിച്ച പരാതികളുടെ ബാഹുല്യം നിമിത്തം എല്ലാ പരാതികളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കൂടുതൽ സമയം ആവശ്യമായിവന്നു. |

സെക്ഷൻ ഓഫീസർ